**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 587** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഭാഗ്യക്കുറി വകുപ്പിലെ സ്ഥലംമാറ്റ ഉത്തരവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 21.10.2021 ലെ 155/2021/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ വകുപ്പുകളിലും ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം പൊതു സ്ഥലംമാറ്റം നടത്തണമെന്ന ഉത്തരവ് ഭാഗ്യക്കുറി വകുപ്പിന് ലഭ്യമായിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഓൺലൈൻ സംവിധാനത്തിലൂടെ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ട് നടപ്പിലാക്കിയിട്ടില്ലെന്നും എന്ന് മുതൽ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (ബി) | ഇല്ല. ജീവനക്കാരുടെ പൊതുസ്ഥലമാറ്റം സ്പാർക്ക് മുഖാന്തിരം ഓൺലൈനാക്കി നടപ്പാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സ്പാർക്കിലെ സർവ്വീസ് ഹിസ്റ്ററിസും മറ്റ് വിവരങ്ങളും സേവന പുസ്തകവുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ട്. സ്പാർക്ക് സോഫ്റ്റ് വെയറിൽ പ്രസ്തുത മൊഡ്യൂൾ ഉൾപ്പെടുത്തുന്നതിന് സ്പാർക്ക് ചീഫ് പ്രോജക്റ്റ് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സ്പാർക്ക് സോഫ്റ്റ് വെയറിൽ 'sanctioned post' എന്ന മൊഡ്യൂൾ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.<br><br>ജീവനക്കാരുടെ വ്യക്തി വിവരങ്ങൾ, കേഡർ സ്ട്രങ്ത് എന്നിവ പൂർണ്ണമായി സ്പാർക്കിൽ ചേർക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓൺലൈൻ സ്ഥലംമാറ്റം പൂർണ്ണമായും വകുപ്പിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നു. |
| (സി) | സർക്കാർ ഉത്തരവ് നൽകി രണ്ടു വർഷം കഴിഞ്ഞിട്ടും ഉത്തരവ് നടപ്പിലാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) | ഇല്ല. ജീവനക്കാരുടെ പൊതുസ്ഥലമാറ്റം സ്പാർക്ക് മുഖാന്തിരം ഓൺലൈനാക്കി നടപ്പാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സ്പാർക്കിലെ സർവ്വീസ് ഹിസ്റ്ററിസും മറ്റ് വിവരങ്ങളും സേവന പുസ്തകവുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ട്. സ്പാർക്ക് സോഫ്റ്റ് വെയറിൽ പ്രസ്തുത മൊഡ്യൂൾ ഉൾപ്പെടുത്തുന്നതിന് സ്പാർക്ക് ചീഫ് പ്രോജക്റ്റ് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സ്പാർക്ക് സോഫ്റ്റ് |

| | | | |
|---|---|---|---|
| | | | വെയറിൽ 'sanctioned post' എന്ന മൊഡ്യൂൾ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.<br><br>ജീവനക്കാരുടെ വ്യക്തി വിവരങ്ങൾ, കേഡർ സ്ട്രങ്ത് എന്നിവ പൂർണ്ണമായി സ്പാർക്കിൽ ചേർക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓൺലൈൻ സ്ഥലംമാറ്റം പൂർണ്ണമായും വകുപ്പിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നു. |
| (ഡി) | ഭാഗ്യക്കുറി വകുപ്പിലെ സ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര കേസുകളുണ്ടായിട്ടുണ്ട്; ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കാത്തത് മൂലമാണോ ഇത്തരം കേസുകൾ ഉണ്ടാകുന്നതെന്ന് പരിശോധിക്കുമോ? | (ഡി) | ഒരു കേസ് ഉണ്ടായിട്ടുണ്ട്. ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കാത്തതും ടി കേസും തമ്മിൽ ബന്ധമില്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ